Annexure - 1

## 2020 സെപ്റ്റംബർ 28 , വൈകിട്ട് 3.00 മണിക്ക് Video Conference മുഖാന്തിരം ചേർന്ന പത്താമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

**വീഡിയോ കോൺഫറൻസ് മുഖാന്തിരം യോഗത്തിൽ പങ്കെടുത്തവർ**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>പ്രിൻസിപ്പൽ സെക്രട്ടറി,<br>തദ്ദേശസ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർമാൻ |
| 2. | ഡോ ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |
| 3. | ഡോ. പി.കെ. ജയശ്രീ IAS<br>ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്<br>തിരുവനന്തപുരം | : | മെമ്പർ |
| 4. | ശ്രീ. എൻ പത്മകുമാർ IAS<br>കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്,<br>തിരുവനന്തപുരം | : | മെമ്പർ |
| 5. | ശ്രീ. അനിൽകുമാർ എസ്<br>(ധനകാര്യ സെക്രട്ടറിയുടെ പ്രതിനിധി)<br>അഡീഷണൽ സെക്രട്ടറി<br>ധനകാര്യവകുപ്പ്, തിരുവനന്തപുരം | : | മെമ്പർ |

## ഐറ്റം നമ്പർ : 01

### 18.06.2020 ലെ ഒമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

18.06.2020 തീയതിയിൽ ചേർന്ന ഒമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. (അനുബന്ധം-1)

**തീരുമാനം:** 18/06/2020 തീയതിയിൽ നടന്ന ഒമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു

25-09-2020 (വൈകിട്ട് 5.00 മണി) ആണ്. ഇ-ദർഘാസുകൾ 29/09/2020 ന് തുറന്ന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

24/02/2018 തീയതിയിലെ Finance (Infrastructure) Department- KIIFB- Procedures & Guidelines for KIIFB projects modification- sanctioned- orders issued - ഉത്തരവ് നമ്പർ G.O (Ms) No. 69/2018/Fin പ്രകാരം ടി ഉത്തരവിലെ അനുബന്ധം ഖണ്ഡിക 7.1 പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഖണ്ഡിക 7.2.1 പരാമർശിച്ചിട്ടുള്ള "*The acceptance of tenders shall be done at the Board level of SPV (acceptance authority)provided they are delegated with adequate powers as per prevailing norms*" പ്രകാരം ടെണ്ടർ അംഗീകരിക്കേണ്ടതുമുണ്ട് **(അനുബന്ധം-11)**.

സംസ്ഥാനത്തെ 405 സ്കൂളുകളുടെ പശ്ചാത്തല സൌകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ DPR ന്റെ അംഗീകാരം കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന മുറക്ക് മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പലതവണയായി ടെണ്ടറുകൾ ക്ഷണിച്ച് അംഗീകാരം ലഭ്യമാകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ എക്സിക്യൂട്ടീവ് കമ്മറ്റിക്കുവേണ്ടി ടെണ്ടറുകൾ അംഗീകരിക്കുന്ന നടപടികൾക്കായി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റു നടപടികൾ സംബന്ധിച്ചും ഉള്ള തീരുമാനത്തിനുമായി **എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം: KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയുണ്ടായി. കില - കിഫ്ബി പ്രൊജക്റ്റിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള 405 സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും എന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു .

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
2) ഡയറക്ടർ ജനറൽ, കില

